കാണ്‍ഗ്രസ്സ് പ്രവത്തകരുടെമേൽ കയ്യേറ്റം.

54. [4] ശ്രീ. എം. എം. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955 മാർച്ചു്, ഏപ്രിൽ, ജൂൺ ഈ മാസങ്ങളിൽ കമ്മ്യൂണിസ്റ്റു് പ്രവത്തകർ കോൺഗ്രസ്സ് പ്രവത്തകരെ പല സ്ഥലങ്ങളിലും കയ്യേറ്റം ചെയ്തതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അങ്ങിനെയുള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ടു് ;

(സി) പരാതികളിന്മേൽ എന്തു നടപടി എടുത്തിട്ടുണ്ടു് ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) 17. (പതിനേഴു്)

(സി) പത്തു് പരാതികളിൽ പറഞ്ഞിട്ടുള്ള എതിർകക്ഷികളുടെ പേരിൽ നിയമപ്രകാരമുള്ള നടപടികൾ എടുത്തിട്ടുണ്ടു്. ബാക്കിയുള്ള ഏഴു് പരാതികളിന്മേൽ എതിർകക്ഷികൾക്കു് താക്കീതു് നൽകിയിട്ടുണ്ടു്.

ഹൗസിംഗ് സ്കീം.

55. [5] ശ്രീ. കെ. പി. ഫോർമിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസിംഗ് സ്കീം അനുസരിച്ചു് ചുമതലകൾ ഏറ്റെടുക്കുന്ന സഹകരണസംഘങ്ങളുടെ മൂലധനം, അംഗസംഖ്യ മുതലായവ സംബന്ധിച്ചു് വല്ല മാനദണ്ഡവും ഗവണ്മെന്റു് സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു് ;

(സി) കാലടി ഹൗസിംഗ് സ്കീമിന്റെ മൂലധനം ഏറ്റെടുത്തിരിക്കുന്ന ഉത്തരതിരുവിതാംകൂർ സഹകരണസംഘത്തിന്റെ മൂലധനമെന്തു് ; അംഗങ്ങൾ എത്ര ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഹൗസിംഗ് സ്കീം അനുസരിച്ചുള്ള ചുമതല ഏറ്റെടുക്കുന്ന സഹകരണസംഘങ്ങളുടെ മൂലധനം സാധാരണയായി 1,000 (ആയിരം) രൂപയിൽ കുറയരുതെന്നും, അംഗസംഖ്യ 25-ൽ കുറയരുതെന്നും നിർബന്ധമുണ്ടു്. കൂടാതെ പ്രവത്തനം നന്നായിരിക്കുകയും വേണം.

(സി) മൂലധനം — 1,030 രൂപ.

അംഗങ്ങൾ — 43

LIBRARY ARCHIVES Kerala Legislative Assembly